പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1231 10/08/2017 ൽ മറുപടിയ്ക്ക്

# കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ശശി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലയളവിൽ കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം; അതിൽ 'ഇ-രേഖാ പദ്ധതി'ക്കായി നടത്തിയ പ്രവൃത്തികൾ എന്തെല്ലാമാണെന്നും എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ; | (എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ മോഡൽ സെൻട്രൽ റെക്കാർഡ് റൂം സ്ഥാപിക്കൽ പ്രവൃത്തി എവിടെയെല്ലാം നടത്തി; എത്ര തുക ചെലവാക്കി; 14 ജില്ലകളിലെ ജില്ലാ ഡിജിറ്റലൈസേഷൻ നടപടി കഴിഞ്ഞ സർക്കാർ എത്രത്തോളം പൂർത്തിയാക്കിയെന്നും എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ ; | (ബി) 14 ജില്ലാ സർവ്വേ സൂപ്രണ്ട് ഓഫീസിലും സർവ്വെ ഭവനിലും മോഡൽ സെൻട്രൽ റെക്കാർഡ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. 4,43,47,666/- രൂപ ചെലവായി. കരാർ തുക SIDCO യ്ക്ക് നൽകുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>പാലക്കാട് ഒഴികെ 13 ജില്ലകളിലും ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 3,25,00,698/- രൂപ ചെലവായി. കരാർ തുക SIDCO യ്ക്ക് നൽകുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) കഴിഞ്ഞ സർക്കാർ കാലയളവിൽ വെബ് ജി.ഐ.എസ്. (GIS) മുഖാന്തിരം ലാന്റ് റിക്കോർഡ്സ് നൽകുന്ന പദ്ധതി എത്രത്തോളം പൂർത്തിയാക്കി ; എത്ര തുക ചെലവാക്കി; ഹാർഡ് വെയർ സെർവർ സ്റ്റോറേജ് സംവിധാനം ഒരുക്കുന്ന ബാക്ക് അപ് സെർവർ പദ്ധതി എത്രത്തോളം പൂർത്തീകരിച്ചു; എത്ര തുക ചെലവാക്കി; വ്യക്തമാക്കുമോ; | (സി) വെബ് ജി.ഐ.എസ്. (GIS) മുഖാന്തിരം ലാന്റ് റിക്കോർഡ്സ് നൽകുന്നതിനായുള്ള ജോലികൾ അവസാനഘട്ടത്തിലാണ്. ഇതിനായി 58,06,320/- രൂപ ചെലവായി.<br>ബാക്ക് അപ് സെർവർ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്കായി 1,14,25,875/- രൂപ ചെലവായിട്ടുണ്ട്. |

| | |
|---|---|
| (ഡി) കഴിഞ്ഞ സർക്കാർ ജി.സി.പി. (GCP) പോയിന്റുകൾ സംസ്ഥാന വ്യാപകമായി സ്ഥാപിക്കുന്ന പദ്ധതി എത്രത്തോളം പൂർത്തീകരിച്ചുവെന്നും എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കാമോ; | (ഡി) 4896 GCP പോയിന്റുകൾ വിവിധ ജില്ലകളിൽ സ്ഥാപിച്ചു. 14,78,759/- രൂപ ഇതിനായി ചെലവാക്കിയിട്ടുണ്ട്. |
| (ഇ) പ്രസ്തുത ആറു പദ്ധതികളുടെയും പ്രവർത്തനങ്ങൾ എന്താണ് എന്നും ഓരോന്നും എത്രത്തോളം ഫലവത്തായി പ്രവർത്തിപ്പിക്കാൻ കഴിയുന്നുവെന്നും പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കാമോ? | (ഇ) കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പദ്ധതികളും പ്രവർത്തനങ്ങളും വിലയിരുത്തുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ

A

## അനുബന്ധം

### ഇ- രേഖ പദ്ധതി

സെൻട്രൽ സർവ്വെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള റീസർവ്വെയ്ക്ക് മുമ്പുള്ളതും പുരാരേഖകളുടെ ഗണത്തിൽ വരുന്നതും ഇപ്പോൾ കാലപ്പഴക്കംമൂലം നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ സർവ്വെ റെക്കാർഡുകളുടെ എല്ലാം ഭൗതീകമായ സംരക്ഷണം നടത്തുകയും ഡിജിറ്റൈസ് ചെയ്ത് ഇമേജുകളായി സൂക്ഷിക്കുകയും കൂടാതെ ഇന്റർനെറ്റ് മുഖാന്തിരം പൊതുജനങ്ങൾക്ക് ഓൺലൈനായി പണമടച്ച് റെക്കോർഡുകൾ കൈപ്പറ്റാനുള്ള സംവിധാനം ഒരുക്കുകയും ചെയ്യുന്നു

### മോഡേൺ സെൻട്രൽ റെക്കോർഡ് റൂം

ഇ- രേഖ പദ്ധതി മുഖാന്തിരം വിവിധങ്ങളായ പ്രക്രീയകളിലൂടെ സംരക്ഷണം നടത്തിയിട്ടുള്ള റെക്കോർഡുകളെ നവീന രീതിയിലുള്ള ഒരു റെക്കോർഡ് റൂമിലേയ്ക്ക് മാറ്റി മാപ്പ് ലൈബ്രറി തയ്യാറാക്കി നാമാവലി (cataloging) ഏർപ്പെടുത്തി ഇവയുടെ പുന:പ്രാപ്തി എളുപ്പം സാധ്യമാക്കി. ഇ- രേഖ പദ്ധതി പ്രകാരം പൂർത്തിയാക്കിയ റിക്കാർഡുകൾ ടി റെക്കോർഡ് റൂമിലേയ്ക്ക് മാറ്റിയിട്ടുണ്ട്..

### ജില്ല ഡിജിറ്റൈസേഷൻ സെന്ററുകൾ (14 എണ്ണം)

എല്ലാ ജില്ലകളിലെയും കഡാസ്ട്രൽ മാപ്പുകൾ ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുവാനും അവയെ മാസ്റ്റർ യൂണിറ്റായ CDC യിലൂടെ fine tuning നടത്തി ഒരു വെബ് GIS പോർട്ടലിൽ അപ് ലോഡ് ചെയ്ത് പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുവാനായി സ്ഥലം ലഭ്യമായ 13 ജില്ലകളിലെ ജോലികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

### വെബ് GIS മുഖാന്തിരം ലാന്റ് റിക്കോർഡ് ലഭ്യമാക്കൽ

ഡിജിറ്റൽ രീതിയിൽ സർവ്വെ ജോലികൾ നടത്തപ്പെട്ട ഡാറ്റകൾ ടി GIS വെബ് സോഫ്റ്റ് വെയറിൽ നൽകി മാപ്പുകളും, അവയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെയും വിവരങ്ങൾ ഒരുമിച്ച് നൽകുന്നതിന് ഉദ്ദേശിക്കുന്ന പദ്ധതിയിൽ സോഫ്റ്റ് വെയർ വാങ്ങി സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ മിഷന്റെ തന്നെ സെർവ്വറിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. മിഷൻ ഡിജിറ്റൽ സർവ്വെ ചെയ്ത തിരുവനന്തപുരം ജില്ലയിലെ മണക്കാട് വില്ലേജ് ടെസ്റ്റ് റണ്ണിനായി ഇതിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്.

### ബാക്ക് അപ്പ് സെർവ്വറുകൾ സ്ഥാപിച്ചു.

ഇ- രേഖ പദ്ധതി, CDC യും ജില്ല ഡിജിറ്റൈസേഷൻ സെന്ററുകൾ എന്നിവ മുഖാന്തിരം നടത്തുന്നതായ എല്ലാ ഡിജിറ്റൈസേഷൻ ജോലികളുടെയും output കൾ ഡിജിറ്റലായി സൂക്ഷിക്കുവാനാവശ്യമായ ഒരു ഹാർഡ് വെയർ സെർവ്വർ സ്റ്റോറേജ് സംവിധാനമാണ് ടി പദ്ധതികൊണ്ട് ഉദ്ദേശിക്കപ്പെടുക. ഇതിൽ തന്നെ GIS സോഫ്റ്റ് വെയർ സെർവ്വർ ആപ്ലിക്കേഷന്റെ

സഹായത്തോടെ പലതരത്തിലുള്ള സർവ്വീസുകൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുകയും ലക്ഷ്യമിടുന്നു. ടി പദ്ധതിയിൽ സെർവ്വർ KELTRON മുഖാന്തിരം ലഭ്യമാക്കുകയും SDC യിൽ സെർവ്വർ ഇൻസ്റ്റാൾ ചെയ്തിട്ടുമുണ്ട്. ഇ- രേഖ ആപ്ലിക്കേഷൻ, വെബ് GIS എന്നിവ കോൺഫിഗരേഷൻ ചെയ്ത് ഇതിലേയ്ക്ക് ഡാറ്റാബേസുകൾ മാറ്റിയിട്ടുണ്ട്.

**DGPS & ETS എന്നിവ വാങ്ങുന്ന പദ്ധതി**

വിവിധങ്ങളായ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനായി സർവ്വെ ഉപകരണങ്ങൾ NICSI എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ടി ഉപകരണങ്ങൾ പ്രയോജനപ്പെടുത്തി റീസർവ്വെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**GCP പോയിന്റുകൾ സംസ്ഥാന വ്യാപകമായി സ്ഥാപിച്ചു.**

ഫീൽഡ് സർവ്വെ ജോലികളിൽ കാര്യക്ഷമത ആർജ്ജിക്കുവാനും, ടി ജോലികൾ ഒരു ഏകീകൃത co-ordinate സിസ്റ്റമായ WGS 84 Geo- Coordinate ലേയ്ക്ക് മാറ്റുവാനുമായി NLRMP നിഷ്കർഷിക്കും പ്രകാരം 4898 ഗ്രൗണ്ട് കൺട്രോൾ പോയിന്റുകൾ മിഷൻ ഒബ്സർവ് ചെയ്തിട്ടുണ്ട്.

**സർവ്വെ ഭവനിലും മറ്റ് 14 ജില്ലകളിലും മോഡേൺ റെക്കോർഡ് റൂം സ്ഥാപിച്ചു.**

ജില്ലകളിൽ കഡാസ്ട്രൽ മാപ്പുകൾ ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുവാനും നവീന രീതിയിലുള്ള മാപ്പ് ലൈബ്രറിയാക്കി മാറ്റുവാനും വേണ്ടി ജില്ലകൾ കേന്ദ്രീകരിച്ച് നടത്തുന്ന പദ്ധതി. ടി പദ്ധതിയിൽ 14 ജില്ലകളിലും സർവ്വെ ഭവനിലും ജോലികൾ പൂർത്തീകരിച്ചു കോമ്പാക്ടറുകൾ സ്ഥാപിക്കുകയും മറ്റനുബന്ധ ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. റിക്കോർഡുകൾ ഇതിലേയ്ക്ക് മാറ്റുന്ന ജോലികൾ പുരോഗതിയിലുമാണ്.

**എറണാകുളം ജില്ലയിലെ 7 താലൂക്ക് ഓഫീസിലും 2 RD ഓഫീസിലും റെക്കോർഡ് റൂം നിർമ്മാണം**

എറണാകുളം ജില്ലയിലെ 6 താലൂക്ക് ഓഫീസുകളിലും 2 റവന്യു ഡിവിഷൻ ഓഫീസിലേയും റിക്കാർഡുകളുടെ സംരക്ഷണത്തിനായി മോഡേൺ റിക്കാർഡ് റൂം സ്ഥാപിക്കുന്ന ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

ഭൂമികേരളം പദ്ധതിയുടെ രൂപീകരണ ലക്ഷ്യങ്ങളിൽ ഒന്നായ വനാവകാശ സർവ്വെ പ്രവർത്തനങ്ങളിൽ നിശ്ചയിച്ചിരുന്ന 27,000 ഹെക്ടർ സർവ്വെയിൽ 20,000 ഹെക്ടർ സ്ഥലം സർവ്വെ ചെയ്തു പൂർത്തീകരിച്ചു. ETS, DGPS എന്നീ ആധുനിക സർവ്വെ ഉപകരണങ്ങൾ പ്രയോജനപ്പെടുത്തി മോഡേൺ രീതിയിൽ 7 വില്ലേജുകളുടെ റീ സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്.

**സ്പെഷ്യൽ സർവ്വെ** പ്രവർത്തനങ്ങളിൽ ഡീറ്റൈൽ സർവ്വെ നടത്തി സ്കെച്ചുകൾ കൈമാറിയ

പദ്ധതികളായ അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റി ക്യാമ്പസ് സർവ്വെ, പോലീസ് ഹെഡ് ക്വാർട്ടേഴ്സ് സർവ്വെ, വിവിധ ജില്ലകളിലെ KMSCL ന്റെ വെയർഹൗസ് സർവ്വെ NRHM നു വേണ്ടി 32 ലൊക്കേഷനുകളിലായി നടത്തിയ ഹോസ്പിറ്റൽ സർവ്വെ, പുല്ലുമേട് ദുരന്തം സംബന്ധിച്ച് പോലീസ് വകുപ്പിനു വേണ്ടി നടത്തിയ കോണ്ടൂർ സർവ്വെ, ശ്രീ ചിത്ര പുവർ ഹോമിന്റെ സർവ്വെ, ജഗതി സ്കൂൾ മാസ്റ്റർ പ്ലാൻ സർവ്വെ, പാലക്കാട് മുൻസിപ്പൽ സ്റ്റേഡിയം സർവ്വെ തിരുവനന്തപുരം, മണക്കാട് സ്കൂൾ, വഞ്ചിയൂർ പുവർ ഹോമിന്റെ സർവ്വെ മുതലായവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. കൂടാതെ ശബരിമല മാസ്റ്റർ പ്ലാൻ സർവ്വെ ജോലി പ്രാരംഭഘട്ടത്തിലുമാണ്.

VIP/VVIP കളുടെ സംസ്ഥാന സന്ദർശനത്തിനായി ഹെലിപാഡ് സജ്ജീകരിക്കുവാൻ വേണ്ടി പോലീസ് വകുപ്പിന്റെ നിർദ്ദേശ പ്രകാരമുള്ള സ്ഥലങ്ങളുടെ GPS കോർഡിനേറ്റുകളും കൃത്യമായും സമയബന്ധിതമായും സ്പെഷ്യൽ സർവ്വെയിൽ ഉൾപ്പെടുത്തി മിഷൻ നൽകി വരുന്നു.

## <u>'ഇ- രേഖ'പദ്ധതിയ്ക്കായി നടത്തിയ പ്രവൃത്തികൾ</u>

കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ ഒമ്പതാം എംപവേർഡ് കമ്മിറ്റിയിൽ സർവ്വെ വകുപ്പിലെ പുരാതന റിക്കാർഡുകൾ ഭൗതീകമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും അവ ഓൺലൈനായി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ- രേഖ എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ NLRMP യിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിക്കുകയും ജില്ലകളിൽ 1 വീതം ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 13 ജില്ലകളിൽ ഡിജിറ്റൈസേഷൻ സെന്റർ പൂർത്തീകരിച്ച് 'ഇ- രേഖ' വെബ് പോർട്ടൽ മുഖാന്തിരം 635 വില്ലേജുകളുടെ FMB മാപ്പുകൾ പൊതുജനത്തിന് ലഭ്യമാക്കിത്തുടങ്ങിയിട്ടുണ്ട്.

ഇ- രേഖ പദ്ധതി പ്രകാരം സംരക്ഷിക്കപ്പെട്ട റിക്കോർഡുകൾ വേഗതയിലും സുതാര്യമായും പൊതുജനത്തിന് ലഭ്യമാക്കുവാനായി ഇന്റർനെറ്റിന്റെ സഹായത്താൽ "Online Payment gateway" വഴി പണമടച്ച് കൈപ്പറ്റുവാനും അതിലൂടെ സർവ്വെ വകുപ്പിന്റെ സേവനങ്ങളെ കൂടുതൽ ആധുനികവത്ക്കരിച്ച് ജനകീയവും സുതാര്യവും ആക്കുന്നതിനും ഭൂമികേരളത്തിന്റെ കീഴിലെ ടി പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

ടി പദ്ധതിയ്ക്കായി നാളിതുവരെയും 1,43,16,180/- രൂപ ചെലവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ